"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - വെറ്ററിനറി സർജൻ ഡോ.ധന്യ മേനോനെതിരെ സ്വീകരിച്ചു വന്നിരുന്ന അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും രാജി അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മൃഗസംരക്ഷണ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.112/2025/AHD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. 18.01.2006-ലെ GO(RT)No.76/06/AD നമ്പർ സർക്കാർ ഉത്തരവ്
2. 04.06.2011-ലെ GO(RT)No.1036/2011/AD നമ്പർ സർക്കാർ ഉത്തരവ്
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.10.2019-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്
4. 29.11.2019-ലെ E3/284/2019-AH നമ്പർ കുറ്റപത്രവും കുറ്റാരോപണമെമ്മോയും
5. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 14.03.2020-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്
6. 21.04.2021-ലെ GO(RT)No.171/2021/AHD നമ്പർ സർക്കാർ ഉത്തരവ്
7. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24.11.2023-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്
8. 30.01.2024-ലെ E3/284/2019-AH നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24.11.2023-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്

10 30.09.2024-ലെ E3/284/2019-AH നമ്പർ നോട്ടീസ്

11 ഡോ.ധന്യമേനോന്റെ 01.11.2021-ലെ രാജിക്കത്ത്

12 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 12.10.2024-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്

13 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 17.01.2025-ലെ AHD/5956/2019/X5-Vigi. നമ്പർ കത്ത്

## ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിൽ എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായിരുന്ന ഡോ. ധന്യ മേനോന് പരാമർശം (1) പ്രകാരം 31.01.2006 മുതൽ 5 വർഷത്തെയ്ക്കും അതിന് തുടർച്ചയായി പരാമർശം (2) പ്രകാരം വീണ്ടും 5 വർഷത്തേയ്ക്കും ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത അവധി കാലാവധി കഴിഞ്ഞ് നാളിതുവരെയും അവധി ദീർഘിപ്പിക്കുകയോ സേവനത്തിൽ തിരികെ പ്രവേശിക്കുകയോ ചെയ്യാതെ ഡോ. ധന്യ മേനോൻ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുകയാണെന്നും ആയതിനാൽ ടിയാൾക്കെതിരെ അനധികൃതഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

തുടർന്ന് ഡോ.ധന്യമേനോനെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതും പരാമർശം (4) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന നൽകിയിട്ടുള്ളതുമാണ്. ആയതിന് ടിയാൾ കുടുംബസമേതം ആസ്ട്രേലിയയിൽ താമസമാണെന്നും 01.06.2011 മുതൽ ജോലിയിൽ നിന്നും രാജിവയ്ക്കുന്നുവെന്ന് കാണിച്ച് കത്ത് അയച്ചിരുന്നുവെന്നും തന്റെ രാജി അപേക്ഷ സ്വീകരിച്ച് മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ സമർപ്പിച്ച മറുപടിയിൽ അപേക്ഷിച്ചിരുന്നതായും എന്നാൽ രാജി വയ്ക്കുന്നുവെന്നു കാണിച്ചുകൊണ്ട് ഡോ.ധന്യാ മേനോൻ അയച്ചുവെന്ന് പറയുന്ന കത്ത് കണ്ടെത്താനായിട്ടില്ലായെന്നും പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

തുടർന്ന് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടരുന്നതിന്റെ ഭാഗമായി KCS(CC&A) Rule 15 (2) b(ii) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിലേക്കായി പരാമർശം (6) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതിൽ പരാമർശം (7) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ തീയതി, സമയം എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള നോട്ടീസ് ഡോ.ധന്യാ മേനോന് ടിയാളുടെ ഇന്ത്യയിലെയും, വിദേശത്തെയും വിലാസങ്ങളിലും, ഇ-മെയിൽവിലാസത്തിലും അയച്ചുനൽകിയെന്നും ആയതിൽ ഇ-മെയിൽ വിലാസത്തിൽ അയച്ച നോട്ടീസ് കൈപ്പറ്റുകയും കൈപ്പറ്റ് പകർപ്പ് തിരികെ അയച്ചുതരികയും ചെയ്തിരുന്നുവെന്നും എന്നാൽ ടിയാൾ ഔപചാരിക അന്വേഷണാധികാരിക്കുമുന്നിൽ ഹാജരായില്ലെന്നും പകരം തൽസമയം ഔപചാരിക അന്വേഷണാധികാരിയെ ഫോണിൽ ബന്ധപ്പെട്ടുവെന്നും എന്നാൽ കുറ്റാരോപണ പത്രികയ്ക്ക് പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ല എന്നും അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചിരുന്നതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പ്രതിവാദപ്പത്രിക സമർപ്പിക്കാത്തതിനാൽ ടിയാൾക്കെതിരെ പരാമർശം (4) പ്രകാരം ചുമത്തപ്പെട്ട കുറ്റങ്ങളെല്ലാം നിലനിൽക്കുന്നതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തുടർന്നിട്ടുള്ളതും KCS(CC&A) ചട്ടം 11 പ്രകാരം ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിലേയ്ക്ക് പരാമർശം (8) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന ടിയാളുടെ നാട്ടിലെയും വിദേശത്തെയും മേൽ വിലാസത്തിൽ അയച്ച നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനും മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ പരാമർശം (9) പ്രകാരം ആയത് പത്രപ്പരസ്യം ചെയ്തിരുന്നു.

സർവ്വീസിൽ നിന്നും രാജി വയ്ക്കുന്നതിന് ആഗ്രഹിക്കുന്നതായുള്ള ഡോ.ധന്യ മേനോൻ-ന്റെ പരാമർശം (10) പ്രകാരമുള്ള 01.11.2021-ലെ രാജിക്കത്ത് പരാമർശം (11) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടിയാളുടെ പേരിൽ സർക്കാർ ബാധ്യതകളൊന്നും നിലനിൽക്കുന്നില്ലെന്ന് പരാമർശം (12) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. KSR ഭാഗം I, ചട്ടം 23-നു കീഴിലെ Govt. Decision 1 (b) പ്രകാരം സർവീസിൽ തുടരുവാൻ താൽപ്പര്യം ഇല്ലാത്ത ഉദ്യോഗസ്ഥന്റെ രാജി സ്വീകരിക്കുന്നതിൽ ചട്ടം 23 കീഴിലെ Govt. Decision 1 (a) പ്രകാരം തടസ്സമില്ലാത്തതാണ്. അച്ചടക്ക നടപടികളിൽ നിന്നും രക്ഷ നേടുന്നതിലേയ്ക്കായാണ് ഡോ.ധന്യ മോനോൻ രാജി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമായ സാഹചര്യത്തിൽ, Manual of Disciplinary Proceedings (MDP) ചട്ടം 15 (2), KS & SSR ചട്ടം 10 (b) (iii) എന്നിവ പ്രകാരം, ഡോധന്യ മേനോൻ സർക്കാർ സേവനത്തിനു യോഗ്യയല്ല എന്ന് നിഷ്കർഷിച്ചു കൊണ്ടും, രാജി അനുവദിച്ച വകുപ്പ് അറിയാതെ ടിയാൾക്ക് ഭാവിയിൽ ഒരു വകുപ്പിലും പുനഃനിയമനം നൽകുവാൻ പാടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും ഡോ.ധന്യ മേനോന്റെ രാജി അപേക്ഷ പരിഗണിച്ച് KSR ഭാഗം III, ചട്ടം 29 (a) പ്രകാരം ഭാവിയിൽ യാതൊരുവിധ സർവ്വീസ് നേട്ടങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടെയും രാജി അപേക്ഷ തീയതിയായ *15.10.2022* പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടും ടിയാൾക്കെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഈ വിഷയത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ തുടർ നടപടി സ്വീകരിച്ച് കാര്യ നിർവ്വഹണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ധന്യ മേനോൻ, വെറ്ററിനറി സർജൻ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം/ബ്രാഞ്ച് ഓഫീസ്, എറണാകുളം
ധന വകുപ്പ്(E.1570768/Agri-A1/112/2020-Fin dated 03.11.2020)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പ് (ADV-A1/185/2020-PandARD dated 27.08.2020)
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 05-03-2025 15:51:23

സെക്ഷൻ ഓഫീസർ